## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 581
## 02.12.2014-ലെ മറുപടിക്ക്
## പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം. ഉമ്മർ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്ത് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ട്രഷറികളിലെ പണമിടപാട് വ്യാപ്തിയുടെ (volume of transaction) അടിസ്ഥാനത്തിൽ ട്രഷറികളെ ഗ്രൂപ്പുകളായി തിരിച്ച് ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി (ഇംപ്രസ്റ്റ് പരിധി) വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.<br>ട്രഷറി പണമിടപാടുകളിൽ ഭൂരിഭാഗവും ഓൺലൈനായി ഇലക്ട്രോണിക് പേയ്മെന്റ് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിന്റെ വെളിച്ചത്തിൽ, ആയതുകൂടി പരിഗണിച്ചാകും നിലവിലുള്ള ഇംപ്രസ്റ്റ് പരിധി വർദ്ധിപ്പിക്കുന്നതിനുള്ള അന്തിമതീരുമാനം കൈക്കൊള്ളുക. |
| (ബി) | ഇത്തരത്തിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി കുറവായതു കാരണം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | ഉണ്ടെങ്കിൽ കേരളാ ട്രഷറി കോഡ് കാലോചിതമായി പരിഷ്ക്കരിച്ച് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ; | |

സെക്ഷൻ ഓഫീസർ